വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ, ബി) കയർ വ്യവസായ പുനഃസംഘടനാ പദ്ധതി എന്ന ഒരു പ്രത്യേക പദ്ധതിയില്ല.

ഓല മേഞ്ഞ വീടുകൾ ഓട് മേയാൻ പദ്ധതി

*342. [368] ശ്രീ. പി. വി. മുഹമ്മദ് :
,, നാലകത്ത് സൂപ്പി :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, പി. സീതിഹാജി :
,, കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓല മേഞ്ഞ വീടുകളുടെ മേൽക്കൂര നന്നാക്കി ഓട് മേയുന്നതിന് വേണ്ട നിർമ്മാണ ബോർഡിന് എന്തെങ്കിലും പദ്ധതി ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ നടപ്പു സാമ്പത്തിക വർഷം ഇത്തരം എത്ര വീടുകൾ ആണ് ഓട് മേയാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതിനകം എത്ര വീടുകൾ ഓട് മേഞ്ഞു ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ, ബി, സി) ഇപ്പോൾ നിലവിലില്ല. എന്നാൽ അത്തരം ഒരു പദ്ധതി നടപ്പിലാക്കുന്ന കാര്യം ആലോചിച്ചുവരുന്നു. ദുർബല വിഭാഗങ്ങൾക്കുവേണ്ടി 10,000 വീടുകൾ ഓടുമേയുന്ന പദ്ധതിയാണ് ആലോചനയിലുള്ളത്.

പൊന്നുംവില ക്ലിപ്തപ്പെടുത്തുന്നതിനുള്ള ഓഫീസുകൾ

*343. [369] ശ്രീ. കെ. മുഹമ്മദാലി :
,, കെ. കെ. ശ്രീനിവാസൻ :
,, കെ. കെ. തോമസ് :
,, കെ. സി. ജോസഫ് :
,, രാഘവൻ പൊഴക്കടവിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നുംവില ക്ലിപ്തപ്പെടുത്തുന്നതിന് ഇപ്പോൾ എത്ര ഓഫീസുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു ;

(ബി) ഏതെല്ലാം പദ്ധതിക്കുവേണ്ടിയാണ് ഈ ഓഫീസുകൾ പ്രവർത്തിച്ചുവരുന്നത് ;

(സി) ഈ ഓഫീസുകളുടെ ചെലവുകൾ കേന്ദ്ര ഗവൺമെന്റാണോ വഹിക്കുന്നത് ;

(ഡി) ഏതെല്ലാം സ്കീമുകളുടെ പൊന്നുംവില നടപടികൾ പൂർത്തിയായി ;

(ഇ) പ്രത്യേക ഓഫീസും സ്റ്റാഫും ഉണ്ടായിട്ടും നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതെന്തുകൊണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly